പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ T541 07.07.2014- ൽ മറുപടിക്ക്

'സ്നേഹപൂർവ്വം' പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ

ചോദ്യം

ശ്രീ. ഇ.കെ. വിജയൻ

ശ്രീ. പി.തിലോത്തമൻ

ശ്രീമതി. ഗീതാ ഗോപി

ശ്രീ. വി.ശശി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാതാപിതാക്കളില്ലാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന 'സ്നേഹപൂർവ്വം' പദ്ധതി എന്നു മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; | എ | മാതാപിതാക്കൾ രണ്ടുപേരും നഷ്ടപ്പെടുകയോ അല്ലെങ്കിൽ ജീവിച്ചിരിക്കുന്നയാൾ സാമ്പത്തിക പരാധീനത മൂലം കഷ്ടപ്പെടുകയും ചെയ്യുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതിക്ക് 06.06.2012 ലെ സ.ഉ (എം.എസ്) നം. 36/2012/സാക്ഷേവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ധന സഹായം 2012 നവംബർ മാസം മുതൽ നൽകി വരുന്നു. |
| (ബി) | കഴിഞ്ഞ അദ്ധ്യയന വർഷം യഥാസമയം സ്കോളർഷിപ്പ് നൽകാൻ കഴിയാതിരുന്നതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | ബി | പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാത്ത നിരവധി അപേക്ഷകൾ ലഭിച്ചിരുന്നു. ആയവ തരംതിരിച്ച് അർഹതയുള്ളത് കണ്ടെത്തി അപാകതകൾ പരിഹരിച്ച് ധനസഹായം നൽകുന്നതിന് കൂടുതൽ സമയം വേണ്ടിവന്നു. 2014 മെയ് മാസം വരെ 40,000-ൽ പ്പരം അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ അർഹതയുള്ള 28,583 പേരിൽ 20,020 പേർക്ക് ധനസഹായം അനുവദിക്കുകയും ബാക്കിയുള്ള 8,563 പേർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയും ചെയ്യുന്നു. |
| (സി) | ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പി ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | സി | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ